# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 162 18.06.2012-ൽ മറുപടിക്ക്.

## സ്വകാര്യ മേഖലയിൽ ഗ്രീൻ ഫീൽഡ് എയർപോർട്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ:<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>ശ്രീ.രാജു എബ്രഹാം:<br>ശ്രീമതി പി. അയിഷാ പോറ്റി: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് സ്വകാര്യ മേഖലയിൽ ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കാൻ നടപടി കളായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പത്തനംതിട്ട ജില്ലയിൽ ആറൻമുളയിലാണ് സ്വകാര്യ മേഖലയിൽ ഗ്രീൻ ഫീൽഡ് വിമാനത്താവളം സ്ഥാപിക്കാൻ നടപടി ആയിട്ടുള്ളത്. കൂടാതെ ബി.ആർ.ഡി.സി കാസർഗോഡ് ജില്ലയിൽ പെരിയ വില്ലേജിൽ കനിയംകുണ്ടിൽ ഒരു എയർസ്ട്രിപ്പ് നിർമ്മാണത്തിന് പദ്ധതിയിട്ടിട്ടുണ്ട്. |
| (ബി) | ഏതെല്ലാം സ്ഥാപനങ്ങൾ എവിടെയെല്ലാം എയർപോർട്ട് സ്ഥാപിക്കാൻ മുന്നോട്ടുവന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; എയർപോർട്ട് പദ്ധതിക്കായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഏതെല്ലാം സ്ഥലത്ത് എത്ര ഏക്കർ ഭൂമി സ്വന്തമായി കണ്ടെത്തിയിട്ടുണ്ടെന്ന വിവരം വെളിപ്പെടുത്തുമോ; | (ബി) | ആറന്മുളയിൽ വിമാനത്താവളം സ്ഥാപിക്കാൻ ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന കെ.ജി.എസ് കമ്പനിയാണ് മുന്നോട്ടു വന്നിട്ടുള്ളത്. ടി വിമാനത്താവളത്തിനു വേണ്ടി ഏതാണ്ട് 500 ഏക്കർ ഭൂമി ആറൻമുളയിൽ അവർ സ്വന്തമായി കണ്ടെത്തിയിട്ടുണ്ട്. ബി. ആർ. ഡി. സി യുടെ എയർസ്ട്രിപ്പ് പദ്ധതിക്കായി പെരിയ വില്ലേജിൽ 54.12 ഏക്കർ റവന്യൂ ഭൂമിയും, 26.29 ഏക്കർ സ്വകാര്യ ഭൂമിയും കണ്ടെത്തിയിട്ടുണ്ട്. ഈ ഭൂമി ഏറ്റെടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പ്രതിരോധ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ച എയർപോർട്ട് പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) | പ്രതിരോധ മന്ത്രാലത്തിന്റെ അനുമതി ആറൻമുള വിമാനത്താവളപദ്ധതിക്കു ലഭിച്ചിട്ടുണ്ട്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് പ്രതിരോധ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിരുന്നു. ഈ അനുമതിക്ക് മൂന്ന് വർഷത്തെ കാലാവധിയെ ഉള്ളൂ എന്നതിനാൽ പ്രതിരോധ മന്ത്രാലയത്തിന്റെ അനുമതി നീട്ടിക്കിട്ടുവാൻ അപേക്ഷ നൽകിയിട്ടുണ്ട്. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം സ്വകാര്യ പദ്ധതികൾക്ക് സർക്കാർ എന്തെല്ലാം അനുമതികൾ നൽകിയിട്ടുണ്ട്; | (ഡി) | ആറന്മുള വിമാനത്താവള പദ്ധതിക്ക് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ഇ) | എയർപോർട്ടിന് നിർദ്ദേശിക്കപ്പെട്ട ഏതെങ്കിലും സ്ഥലം സംബന്ധിച്ച് പാരിസ്ഥിതിക പ്രശ്നം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | ആറൻമുള വിമാനത്താവളത്തെ സംബന്ധിച്ച് പാരിസ്ഥിതിക പ്രശ്നം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കെ.ജി.എസ്. കമ്പനി സമർപ്പിച്ച വിശദീകരണങ്ങൾക്ക് ശേഷം 15/12/2011 -ൽ കേന്ദ്ര - വനം പരിസ്ഥിതി വകുപ്പിന്റെ വിദഗ്ധ കമ്മിറ്റി ഈ പദ്ധതിക്ക് അംഗീകാരം നൽകുന്നതിനായി വനം- പാരിസ്ഥിതിക വകുപ്പിന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കേരളനിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതിക്ക് ലഭിച്ച ഹർജികളിന്മേൽ 21.2.2012, 10.5.2012 എന്നീ തീയതികളിൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ